"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2022—23 അധ്യയനവർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടിയ്ക്കായി ഉപയോഗിച്ച അച്ചടി പേപ്പറുകളുടെയും ബോർഡുകളുടെയും തുക കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് (കെ.ബി.പി.എസ്) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.1325/2023/GEDN തീയതി,തിരുവനന്തപുരം, 16-02-2023

---

പരാമർശം:-
1. 15.10.2021 തീയതിയിലെ സ.ഉ (സാധാ) നം. 4622/2021/പൊ.വി.വ നമ്പർ ഉത്തരവ് .
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/12/2022, 24/01/2023 എന്നീ തീയതികളിലെ സി/300/2022/ടിബിഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

2022 — 23 അധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പറും, മൾട്ടി ലെയേർഡ് ബോർഡും M/s Tamilnadu Newsprint & Papers Limited (TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി പാഠപുസ്തകം അച്ചടിച്ച് വിതരണം നടത്തുവാൻ കെ.ബി.പി.എസിനെ ചുമതലപ്പെടുത്തിയും അച്ചടി പേപ്പർ വാങ്ങുന്നതിന് 70,03,41,100/- (എഴുപത് കോടി മൂന്ന് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

(2) 2022 — 2023 അധ്യയനവർഷത്തെ ഒന്നാം വാല്യം പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് കെ.ബി.പി.എസ് ലഭ്യമാക്കിയ 35,31,92,927/- (മുപ്പത്തിയഞ്ചു കോടി മുപ്പത്തിയൊന്നുലക്ഷത്തിതൊണ്ണൂറ്റിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) രൂപയുടെ ഇൻവോയിസുകളും അനുബന്ധ രേഖകളും സർക്കാർ പ്രസ് സൂപ്രണ്ടിന്റെ പരിശോധനയ്ക്കായി കൈമാറിയിരുന്നുവെന്നും പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 34,18,65,647/- (മുപ്പത്തിനാല് കോടി പതിനെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുനൂറ്റി നാൽപ്പത്തിയേഴ് രൂപ മാത്രം) രൂപയുടെ പേപ്പറുകൾ അനുവദനീയമാണെന്നും ടി തുകയ്ക്കുള്ള ഇൻവോയിസുകളിൽ സർക്കാർ പ്രസ് സൂപ്രണ്ട് മേലൊപ്പ് ചാർത്തി തിരികെ നൽകിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ 2022-23 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയ്ക്കുള്ള പേപ്പർ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയ 70,03,41,100/-(എഴുപത് കോടി മൂന്ന് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയിൽ നിന്നും 34,18,65,647/- (മുപ്പത്തിനാല് കോടി പതിനെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുനൂറ്റി നാൽപ്പത്തിയേഴ് രൂപ മാത്രം)രൂപയ്ക്കുള്ള ധനാനുമതി അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും

ആവശ്യപ്പെട്ട് പരാമർശം (2) ലെ 01.12.2022 ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. തുടർന്ന് ഒന്നാം വാല്യം അച്ചടിയ്ക്കായി അനുവദനീയമെന്ന് ഗവ. പ്രസ്സ് സൂപ്രണ്ട് കണ്ടെത്തിയ 34,18,65,647/-(മുപ്പത്തിനാല് കോടി പതിനെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുനൂറ്റി നാൽപ്പത്തിയേഴ് രൂപ മാത്രം) രൂപയിൽ നിന്നും 2021-22 അധ്യയന വർഷത്തെ നീക്കിയിരിപ്പുള്ള 10,36,19,599/- രൂപയും, അച്ചടി ഉത്തരവ് പ്രകാരം അച്ചടിച്ചതിൽ കുറവ് വന്ന പാഠപുസ്തകങ്ങളുടേയും പേപ്പർ വേസ്റ്റേജ് കണക്കുകളും ക്രോഡീകരിക്കപ്പെടുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ സർക്കാർ പ്രസ്സിന്റെ പരിശോധനയിൽ അനുവദനീയമായ തുകയായ 34,18,65,647/- രൂപയിൽ (മുപ്പത്തിനാലുകോടി പതിനെട്ടുലക്ഷത്തി അറുപത്തി അയ്യായിരത്തി അറുനൂറ്റി നാൽപ്പത്തി ഏഴുരൂപ മാത്രം)നിന്നും ആകെ 14,17,42,094/- (പതിനാലുകോടി പതിനേഴ ലക്ഷത്തി നാല്പത്തി രണ്ടായിരത്തി തൊണ്ണൂറ്റിനാലു രൂപ മാത്രം)രൂപ കിഴിച്ച് 20,01,23,553/- (ഇരുപതുകോടി ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അൻപത്തിമൂന്നു രൂപ മാത്രം)രൂപ നടപ്പ് സാമ്പത്തിക വർഷത്തെ "2202-02-106-99-00-24-(M/S)NP(V)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ധനാനുമതി ലഭ്യമാക്കണമെന്നും പരാമർശം (2) ലെ 24.01.2023 ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2022-2023 അധ്യയനവർഷത്തെ ഒന്നാം വാല്യം പാഠപുസ്തക അച്ചടിയ്ക്കായി കെ.ബി.പി.എസ് വാങ്ങി ഉപയോഗിച്ചതും സർക്കാർ പ്രസ് സൂപ്രണ്ട് പരിശോധിച്ച് അനുവദനീയമെന്ന് കണ്ടെത്തിയ 34,18,65,647/- (മുപ്പത്തിനാല് കോടി പതിനെട്ട് ലക്ഷത്തി അറുപത്തിഅയ്യായിരത്തി അറുനൂറ്റി നാല്പത്തിയേഴ് രൂപ മാത്രം ) രൂപയിൽ നിന്നും 20,01,23,553/- (ഇരുപത് കോടി ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം)2021-22 അദ്ധ്യയന വർഷം നീക്കിയിരുപ്പ് ഇനത്തിൽ ഉണ്ടായിരുന്ന പാഠപുസ്തകങ്ങളുടെ എണ്ണം കുറവ് ചെയ്ത് , അച്ചടി ഉത്തരവ് നൽകിയതു പ്രകാരമുള്ള ഒന്നാം വാല്യം പാഠപുസ്തകങ്ങൾക്ക് ചെലവായ അച്ചടിപേപ്പറിന്റെ തുക മാത്രമാണ് അനുവദിച്ചു നൽകുന്നതെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് എന്നും അധികമായി കെ.ബി.പി.എസ് തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടിപേപ്പറിന്റെ തുകയിൽ നിന്നും കുറവു ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ "2202-02-106-99-00-24-(M/S)NP(V)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽനിന്നും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് (കെ.ബി.പി.എസ്) അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ബുക്സ് ആൻ്റ് പബ്ലിക്കേഷൻ സൊസൈറ്റി
പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (EDN -B3/21/2023-Fin)
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി(M2/406/2022/GEDN)

ഉത്തരവിൻ പ്രകാരം

Signed by

Namitha T

Date: 16-02-2023 15:32:31

സെക്ഷൻ ഓഫീസർ